(സി) ശ്രീ. ജേക്കബ് തോമസ് ഫയർ ഫോഴ്സ് മേധാവിയായിരുന്ന സമയത്ത് സ്വീകരിച്ച ചില നടപടികൾ അടിയന്തര ഘട്ടങ്ങളിൽ ഫയർ ഫോഴ്സ് ആംബുലൻസ് ലഭ്യമാക്കുന്നതിനും പ്രകൃതി ദുരന്തമുണ്ടാകുമ്പോൾ ഫയർ ഫോഴ്സിന്റെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും തടസ്സം സൃഷ്ടിച്ചത് പത്രമാധ്യമങ്ങളിലും മറ്റും വലിയ ആക്ഷേപത്തിന് ഇടയായതിനെ തുടർന്നാണ് ടിയാനെ ഫയർ ഫോഴ്സ് മേധാവി സ്ഥാനത്തുനിന്നും മാറ്റിയത്.

നാട്ടിക ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

288 (298) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനുകൾ അനുവദിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാമാണെന്ന് അറിയിക്കുമോ ;

(സി) നാട്ടിക നിയോജക മണ്ഡലത്തിൽ പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള സ്ഥലങ്ങളിൽമാത്രമേ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ മൻഗണന നൽകിവരുന്നുള്ളൂ.

(ബി) ഉണ്ട്. ടെക്നോപാർക്ക്, കുത്താട്ടുകുളം, സീതത്തോട്, ഹരിപ്പാട്, മൂലമറ്റം, വിയ്യൂർ, പട്ടിമറ്റം, കൊടുങ്ങല്ലൂർ, പീരുമേട്, പാനൂർ, അടിമാലി, നെയ്യാർ ഡാം, വൈക്കം, കോന്നി, എരുമേലി, വേങ്ങര, ചവറ, വൈപ്പിൻ, തകഴി, പത്തനാപുരം.

(സി) നാട്ടിക വില്ലേജിൽ സർവ്വേ നമ്പർ 321/3-ൽപ്പെട്ട 50 സെന്റ് സ്ഥലത്ത് ഫയർസ്റ്റേഷന് സ്ഥിരമായി കെട്ടിടം നിർമ്മിക്കുന്നതിനായി ശ്രീമതി ഗീതാ ഗോപി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 2 കോടി രൂപ ചിലവഴിച്ച് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടം പണി പൂർത്തിയാവാൻ സമയം വേണമെന്നതിനാൽ തീരദേശ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് നാട്ടികയിൽ ടി.എസ്.ജി.എ. ഏർപ്പെടുത്തിയിട്ടുള്ള സ്ഥലത്ത് താൽക്കാലിക ഫയർസ്റ്റേഷൻ തുടങ്ങുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly